പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 7683 | 16. 07. 2014 ൽ മറുപടിക്ക്

## സ്വകാര്യ കമ്പനികളുടെ വൈദ്യുതി ബിൽ കുടിശ്ശിക

ചോദ്യം | ഉത്തരം

ശ്രീ. കെ. രാധാകൃഷ്ണൻ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

**ചോദ്യം**

(എ) റിലയൻസ് കമ്പനിയുടെ മൊബൈൽ ടവറുകളുടെ കഴിഞ്ഞ മാസത്തെ വൈദ്യുതി ബിൽതുക എത്ര ആയിരുന്നുവെന്നും അത് എന്നാണ് പിഴകൂടാതെയും പിഴയോടൊപ്പവും അടയ്ക്കേണ്ടിയിരുന്നതെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത ബിൽതുക അടയ്ക്കുന്നതിനുള്ള തീയതി നീട്ടിക്കൊടുത്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഒരു സ്വകാര്യ കമ്പനിക്ക് ഇത്രയും വലിയ തുക അടയ്ക്കുന്നതിനുള്ള തീയതി നീട്ടിനൽകാനുണ്ടായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യകമ്പനികൾക്ക് ഇപ്രകാരം ബിൽ തുക അടയ്ക്കാനുള്ള തീയതി നീട്ടി നൽകിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**ഉത്തരം**

(എ) Reliance കമ്പനിയുടെ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലുള്ള Mobile Tower കളുടെ കഴിഞ്ഞ മാസത്തെ ബിൽ തുക **2,99,92,413/-** രൂപയായിരുന്നു. ഇത് പിഴയില്ലാതെ അടയ്ക്കേണ്ട തീയതി 12/6/2014 ഉം പിഴയോട് കൂടി അടയ്ക്കേണ്ട തീയതി **27/6/2014** ഉം ആയിരുന്നു.

(ബി), (സി) & (ഡി) ഉണ്ട്. ജൂൺ മാസത്തിലെ വൈദ്യുതി ബിൽ അടയ്ക്കാഞ്ഞതിനാൽ Reliance Infrastructureന്റെ കണക്ഷനുകൾ വിച്ഛേദിച്ചെങ്കിലും തങ്ങളുടെ accounting softwareന്റെ തകരാറു കാരണമാണ് പ്രസ്തുത ബിൽ അടയ്ക്കാൻ സാധിക്കാഞ്ഞതെന്നും ബിൽ അടയ്ക്കുന്നതിന് സാവകാശം വേണമെന്നും കമ്പനി ബോർഡിന് അപേക്ഷ നൽകുകയുണ്ടായി. ഇതോടൊപ്പം 55 ലക്ഷം രൂപ ബോർഡിൽ അടയ്ക്കുകയും ചെയ്തു. ഇത് പരിഗണിച്ച് ബിൽ അടയ്ക്കാനുള്ള സമയ പരിധി ജൂലൈ 15 വരെ ദീർഘിപ്പിക്കുകയും വിച്ഛേദിച്ച കണക്ഷനുകൾ

പുനസ്ഥാപിക്കാൻ നിർദ്ദേശം നൽകുകയുണ്ടായി.. ബോർഡിലെ ബന്ധപ്പെട്ട full **time director** മാരുടെ കൂട്ടായ തീരുമാനപ്രകാരമാണ് വിതരണ വിഭാഗം ഡയറക്റ്ററുടെ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതിനു മുൻപ് ഇത്തരത്തിൽ തീയതി നീട്ടി നൽകിയിട്ടില്ല..

സെക്ഷൻ ഓഫീസർ